# MALAYALAM



Answers to this Paper must be written on the paper provided separately.
You will not be allowed to write during the first 15 minutes.
This time is to be spend in reading the question paper.
The time given at the head of this Paper is the time allowed for writing the answers.
Section A is compulsory - All questions in and Section A must be answered.

---

Attempt any four questions from Section B, answering at least one question each from the two books you have studied and any two questions from the same books you have studied.
The intended marks for questions or parts of questions are given in brackets [ ]

## SECTION - A (40 Marks)

(Attempt All questions from this Section)

**Question 1** **[15]**

Write a short composition in Malayalam of approximately 250 words on any one of the Following topics:

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക)

**(i)** വായനയുടെ പ്രാധാന്യം, പത്രം നമ്മുടെ മിത്രം എന്ന ആശയത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(ii)** നമ്മുടെ ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത.

**(iii)** നമ്മുടെ നാട് സ്ത്രീകൾക്ക് പരിഗണന നൽകുന്നുണ്ടോ?
വനിതാദിനത്തിൽ അവതരിപ്പിക്കാൻ ഒരു പ്രസംഗം തയ്യാറാക്കുക.

**(iv)** "ശക്തന്മാർക്ക് ഭൂഷണം ക്ഷമ" ഈ ചൊല്ലിനെ ആസ്പദമാക്കി വിശകലനം ചെയ്യുക.

**(v)** താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി വിവരണമോ കഥയോ തയ്യാറാക്കുക.



**Question 2** **[7]**

Write a letter in Malayalam in approximately 150 words on any one of the topics given below:

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 150 വാക്കുകളിൽ ഒരു കത്തെഴുതുക)

(i) നിങ്ങൾ നടത്തിയ ഒരു വനയാത്രയുടെ സാഹസികവും രസകരവുമായ അനുഭവങ്ങളെപ്പറ്റി സുഹൃത്തിനൊരു കത്ത് തയ്യാറാക്കുക.

(ii) നിങ്ങളുടെ ഗ്രാമത്തിൽ മുടങ്ങിപ്പോയ ബസ് സർവീസ് പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് ഗതാഗതമന്ത്രിക്ക് ഒരു കത്ത് എഴുതുക.

**Question 3**

Read the passage given below carefully and answer the questions that follow, using your own words in Malayalam:

(താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക.)

കവിക്ക് ജീവിത ദർശനം വേണമെന്ന് പറയുമ്പോൾ അതും കവിതയുടെ ഘടകമാണോ എന്ന് ചിലർ ചോദിക്കും. അത് ഉൽകൃഷ്ടമായ കവിതയുടെ ഘടകം തന്നെ .ഒരു സമ്പന്ന മനസ്സിന്റെ അമൂല്യമായ ജീവരക്തമാണ് ഉത്തമ കൃതിയായി തീരുന്നതെന്ന് മിൽട്ടൺ പറഞ്ഞത് ഇക്കാര്യം സ്മരിച്ചു കൊണ്ടാവണം . എന്താണ് ജീവിത ദർശനം ? കവിതയിൽ അവിടെ ഇവിടെ കാണുന്ന ചിന്താശകലങ്ങൾ ആണോ ? അതോ വാച്യമായ സന്ദേശങ്ങൾ ആണോ ?രണ്ടുമല്ല ,കവിത വായിച്ചു കഴിയുമ്പോൾ കാവ്യാനുഭൂതിയുടെ അടിസ്ഥാനത്തിൽത്തന്നെ നമ്മിൽ ഉണ്ടാകുന്ന ജീവിതബോധമാണ് .കവി നാം കണ്ടതിനേക്കാൾ കടന്ന് കണ്ടു എന്ന് നമുക്ക് തോന്നുന്നു. ചില കവിതകൾ വായിച്ചു കഴിയുമ്പോൾ ക്ഷണികമായ ഒരു രസം മാത്രമേ നമുക്ക് ലഭിക്കുന്നുള്ളൂ .ചെവിയിൽ വീണുവറ്റുന്ന മാധുര്യ ബിന്ദുക്കൾ. ചിലത് വായിക്കുമ്പോൾ നമ്മുടെ സൗന്ദര്യ ബോധത്തെയും പരിതൃപ്തമാക്കുന്നതോടൊപ്പം തന്നെ ജീവിതബോധത്തിന്റെ ചക്രവാളത്തെ വികസിപ്പിക്കുകയും ചെയ്യുന്നു. പറഞ്ഞു പഴകിയ ആശയങ്ങളുടെ തിരുകികയറ്റൽ കൊണ്ടല്ല, കവി ഇത് സമ്പാദിക്കുന്നത് .സന്ദർഭം കിട്ടിയാൽ കുറച്ച് അദ്വൈതം കാച്ചി വിടുന്ന പതിവ് നമ്മുടെ നാട്ടിലെ നിരക്ഷരന്മാർക്ക് പോലും ഉണ്ട് .ചില കവികളും അത് ചെയ്യാറുണ്ട് .പക്ഷേ അതുകൊണ്ട് മാത്രം ഒരു കവിയും തത്വചിന്തകൻ ആകുന്നില്ല. ജീവിതദർശനം എന്ന് പറയുന്നത് തത്വചിന്തയുമല്ല .ജി യുടെ 'അന്വേഷണ 'ത്തിലോ വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകനിലോ ' ചങ്ങമ്പുഴയുടെ 'ആ പൂമാലയിലോ ' അടർത്തിയെടുക്കാവുന്ന തത്വചിന്ത ഒന്നുമില്ല. പക്ഷേ ഓരോന്നും അതത് കവികളുടെ ജീവിത ദർശനത്തെ ഭാഗികമായെങ്കിലും ഉൾക്കൊള്ളുന്നതാണ്. ഈ കവിതകൾ വായിച്ച് മനനം ചെയ്യുന്ന നമുക്കും ജീവിതത്തെപ്പറ്റി അല്പം ഒരു ഉൾകാഴ്ച ലഭിച്ചതായി തോന്നുന്നു. ഈ ഉൾകാഴ്ച്ച അറിവാണോ എന്ന ചോദ്യം ഈ സന്ദർഭത്തിൽ പ്രസിദ്ധമാണ്. മേഘദൂതും ,നളിനിയും, മഗ്ദലനമറിയവും നാം വായിക്കുന്നത് അറിവിന് വേണ്ടിയാണോ. തീർച്ചയായും അല്ല .പക്ഷേ അവയുടെ പാരായണത്തിലൂടെ നമുക്ക് ഒരുതരം അറിവ് ഉണ്ടാകുന്നുണ്ട് .കാവ്യപരവും ആലങ്കാരികവും അന്തർജ്ഞാനപരവുമായ അവധാരണം ഒരുതരം അറിവ് തന്നെയാണ് .ആ അറിവിനെ വസ്തുനിഷ്ഠമായി അളക്കാൻ സാധ്യമല്ലെന്ന് മാത്രം. അത് എല്ലാത്തരത്തിലും അമേയമാണ് .

ചോദ്യങ്ങൾ

**(i)** ഉൽകൃഷ്ടമായ കവിതയുടെ ഘടകമെന്താണ്? **[2]**

മിൽട്ടന്റെ അഭിപ്രായത്തിൽ ഉത്തമകൃതിയേതാണ്?

**(ii)** ജീവിതദർശനമെന്നാൽ എന്തെന്ന് വ്യക്തമാക്കുക. **[2]**

**(iii)** കവിതകൾ വായിക്കുമ്പോൾ നമുക്ക് ഉണ്ടാകുന്ന അനുഭവം എന്താണ്? **[2]**

**(iv)** ഓരോ കവിതയിലും എന്താണ് ഉൾക്കൊള്ളുന്നത്? **[2]**

ഉദാഹരണസഹിതം വിവരിക്കുക .

**(v)** വസ്തുനിഷ്ഠമായി അളക്കാൻ സാധിക്കാത്തതെന്താണെന്ന് വിവരിക്കുക. **[2]**

**Question 4**

Answer the following according to the instructions given:

(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം തെരഞ്ഞെടുക്കുക.)

**(i)** Give one word for the following choosing from brackets: **[1]**

(ശരിയായ ഒറ്റപ്പദം തെരഞ്ഞെടുക്കുക.)

പകൽ കാണുന്ന സ്വപ്നം

a.ദിവാസ്വപനം

b.പകൽസ്വപ്നം

c.സ്വപ്നസഞ്ചാരം

**(ii)** Select the correct word from the options given: **[1]**

(ശരിയായ വാക്ക് തെരഞ്ഞെടുക്കുക.)

a.പ്രതിനിഥി

b.പ്രതിനിധി

c.പ്രതിനിദി

d.പ്രതിനിതി

**(iii)** Select the correct proverb from the options given: **[1]**

(ശരിയായ പഴഞ്ചൊല്ല് തെരഞ്ഞെടുക്കുക.)

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല് ഈ പഴഞ്ചൊല്ലിന് ആശയമായി വരുന്നതെന്ത്?

a.അത്യാഗ്രഹം

b.നാശം

c.ഐക്യം

d.സമൃദ്ധി

**(iv)** Select the correct synonyms from the options given: (ശരിയായ വാക്ക് തെരഞ്ഞെടുക്കുക.) **[2]**

(ശരിയായ വാക്ക് തെരെഞ്ഞെടുക്കുക )

1.തേൻ എന്ന വാക്കിന്റെ പര്യായപദങ്ങൾ

a .കരി , ഇഭം

b. ജാലം ,കൂട്ടം

c .കമലം ,അംബുജം

d.മധു ,മരന്ദം

2.വനം എന്ന വാക്കിന് പര്യായം അല്ലാത്ത പദങ്ങൾ

a.കാട്, കാനനം

b .അടവി, വിടപി

c .ആരണ്യകം ,ആരണ്യം

d.ക്ഷിതി, ക്ഷോണി

**(v)** fill in the blanks with correct phrase from the options given: **[2]**

(ഉചിതമായ ശൈലി ചേർത്ത് വാക്യം പൂരിപ്പിക്കുക)

1.വിദ്യാർത്ഥികളുടെ പെരുമാറ്റ കാര്യത്തിൽ രക്ഷിതാക്കൾ നിശ്ചയിക്കുന്ന .......... ലംഘിക്കാൻ ശ്രമിക്കരുത്.

a.ഹസ്താവലംബം

b.മുടന്തൻ ന്യായം

c.ലക്ഷ്മണരേഖ

d.അനസ്യൂതം

2.താഴെക്കൊടുത്തിരിക്കുന്നതിൽ ഒപ്പത്തിനൊപ്പം എന്ന ആശയത്തെ സൂചിപ്പിക്കുന്ന ശൈലി ഏത് ?

a.ചരടുപിടിക്കുക

b.അബദ്ധ പഞ്ചാംഗം

c.എണ്ണിക്കഴിക്ക

d.ഉരുളയ്ക്കുപ്പേരി

**(vi)** ശരിയായ വിഗ്രഹാർഥം തെരഞ്ഞെടുക്കുക. **[1]**

ജ്ഞാനി

a. ജ്ഞാനത്തോട് താൽപര്യമില്ലാത്തവൻ

b. ജ്ഞാനമുള്ളവൻ

c. ജ്ഞാനമില്ലാത്തവൻ

d . അജ്ഞാനമുള്ളവൻ

## SECTION B (40 MARKS)

Question from only two of the following text books are to be answered.

Attempt four questions from this section.You must answer at least one question from each of the two books, you have studied and any two other

(സാഹിത്യ സുരഭി - കഥകൾ)

(SAHITYA SURABHI - SHORT STORIES)

## Question 5

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

"ആഹ്ലാദിക്കാൻ മാത്രം പിറന്ന ഭാഗ്യശാലികൾ!"

ആഹ്ലാദം!

എനിക്കു ചിരിവരുന്നു.

കാരണമുണ്ട്.

എനിക്കറിയാം, അവരിൽ വലിയൊരു ഭാഗം ആഹ്ലാദിക്കാൻ കഴിയാത്തവരാണെന്ന്.

ചോദ്യങ്ങൾ

(i) 'കോട്ട്'യെ കുറിച്ചുള്ള കഥാകൃത്തിന്റെ ചിന്തകളെന്തെല്ലാമാണ്? [2]

(ii) പണ്ടു മുതലേ 'അയാൾ' അസ്വസ്ഥനായിരുന്നുവെന്നതിന് തെളിവെന്ത്? [2]

(iii) 'പഴയ നഗരം' കഥാകാരനെ സംബന്ധിച്ച് അനുഭവപ്പെട്ടിരുന്നതെങ്ങനെ? [3]

(iv) കടൽത്തീരത്ത് കണ്ട ആളുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നതെന്തെല്ലാം? [3]

## Question 6

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

ഒരു ദിവസം കരീം എന്ന കാർപ്പെറ്റു കച്ചവടക്കാരൻ വന്നു.

ഒരു ചുവന്ന ചവിട്ടിയെടുത്തു വില ചോദിച്ചു ഉമ്മ.

"നൂറുറുപ്പിക"

"ഒട്ടും വില കുറയില്ലേ?"

"ഉമ്മ എത്ര തരും?"

"ഞാനൊരു മുപ്പതുറുപ്പിക തരും. നീ അതുകൊണ്ടു കമ്പൂലാക്കണം."

ഉമ്മയെ അമ്പരപ്പിച്ച് കരീം അതു വിറ്റു.

കാശ് കൊടുക്കുമ്പോൾ ഉമ്മ ഇടംകണ്ണിട്ടു ചോദിച്ചു:

"നീയെന്നെ പറ്റിച്ചില്ലല്ലോ?"

ചോദ്യങ്ങൾ

(i) ഉമ്മ വിഷാദിച്ചിരുന്നതിന് കാരണമെന്തായിരുന്നു? [2]

(ii) കഥാകാരന്റെ മക്കളെ കാണാൻ കൊതിയാവുന്നുവെന്ന് ഉമ്മ പറഞ്ഞതിന്റെ [2]

ഉദ്ദേശ്യമെന്തായിരുന്നു?

**(iii)** "ഇല്ല. മാത്രമല്ല, ഓന്റെ കാര്യം ഇങ്ങനെയായിപ്പോയല്ലോ എന്നോർത്തു സങ്കടം വരും." - വിശദമാക്കുക. **[3]**

**(iv)** "റബ്ബുൽ ആലമീനായ തമ്പുരാനേ, ന്റെ മക്കളെ ഞാൻ നീന്തല് പഠിപ്പിച്ചില്ലല്ലോ." - ഉമ്മയുടെ കരച്ചിലിനു കാരണമെന്ത്? **[3]**

## Question 7

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

സിനിമ അവസാനിച്ചപ്പോൾ അവൾ പറഞ്ഞു:

"ഇപ്പോഴൊന്നും തീരണ്ടായിരുന്നു!"

ഞങ്ങൾ പുറത്തിറങ്ങി.

സന്ധ്യയാകാറായിരുന്നു.

അവൾ ചോദിച്ചു: "നിങ്ങൾ ഇനി എപ്പോഴാണ് സിനിമയ്ക്കു വരിക?"

ഞാനൊന്നും പറഞ്ഞില്ല.

ചോദ്യങ്ങൾ

**(i)** 'അപ്പോൾ എനിക്കുണ്ടായ സന്തോഷം!' - സന്തോഷത്തിനു കാരണമെന്ത്? **[2]**

**(ii)** 'ഇരുട്ടറയിൽ ശ്വാസം മുട്ടിക്കിടന്നതിനു ശേഷം തുറന്ന ഒരു മൈതാനത്തിലേക്ക് കടന്നു ചെന്നപോലെയുള്ള അനുഭവ'മുണ്ടായത് എപ്പോഴാണ്? **[2]**

**(iii)** ആശുപത്രിയിൽ വച്ച് ചെറുപ്പക്കാരനുണ്ടായ ദുരനുഭവമെന്തായിരുന്നു? **[3]**

**(iv)** കുട്ടിയുടെ പെരുമാറ്റത്തിൽ കഥാകാരന് ആശ്ചര്യം തോന്നിയതെപ്പോഴാണ്? **[3]**

(സാകേതം - നാടകം)

(SAKETHAM - DRAMA)

## Question 8

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

ലക്ഷ്മണൻ ഒരു നിമിഷം അറച്ചു നില്ക്കുന്നു.

സുമന്ത്രൻ അക്ഷോഭ്യൻ.

ദശരഥൻ കടന്നു വരുന്നു.

വാളൂരിപ്പിടിച്ചു നില്ക്കുന്ന ലക്ഷ്മണനെയും സുമന്ത്രരെയും കണ്ടിട്ട് അശേഷം കൂസാതെ സാവധാനം അവരുടെ അരികിൽ എത്തുന്നു.

ചോദ്യങ്ങൾ

**(i)** "മുള്ളുമുരുക്കിൽ മാങ്കനി എങ്ങനെയുണ്ടാവും" - ആരെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്? **[2]**

**(ii)** അശ്വപതി മന്നനെയും പത്നിയെയും സംബന്ധിച്ച് സുമന്ത്രർ പറഞ്ഞ കഥയെന്തായിരുന്നു? **[2]**

**(iii)** ക്ഷുഭിതനായ ലക്ഷ്മണകുമാരൻ സുമന്ത്രരോട് പറഞ്ഞതെന്തെല്ലാമായിരുന്നു? **[3]**

**(iv)** "കീർത്തി മങ്ങാത്ത രുദ്രാക്ഷം നിങ്ങൾ കയ്യിലേന്തിക്കൊള്ളൂ. **[3]**

ചെങ്കോൽ കേകയത്തിന്റെ കൈയിലും കൊടുക്കൂ."

- ഈ വാക്കുകൾ പറയാനിടയായ സാഹചര്യം വിശദമാക്കുക.

## Question 9

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

'ദശരഥൻ കൈകേയിയെ കഴുത്തു ഞെക്കിക്കൊല്ലാൻ തുനിയുന്നു.

പക്ഷേ, കൈകേയിയുടെ കരുണാർദ്രമായ നോട്ടവും അവളുടെ സ്പർശവും ദശരഥന്റെ കൈകളെ പരിക്ഷീണമാക്കിക്കളയുന്നു.'

ചോദ്യങ്ങൾ

**(i)** നാടകകൃത്ത് സൂചിപ്പിക്കുന്ന ശിബി, അളർക്കൻ എന്നിവരെ കുറിച്ചുള്ള സൂചിതകഥ എഴുതുക. **[2]**

**(ii)** "ദേവിയും രാക്ഷസിയും ഒന്നല്ലല്ലോ" എന്ന് കൈകേയിക്ക് പറയേണ്ടി വന്നത് എന്തുകൊണ്ടാണ്? **[2]**

**(iii)** "നീ വിഷം ചേർത്ത മദ്യമാണ്." - ദശരഥൻ ആരെ കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്? കേട്ടയാളുടെ മറുപടി എന്തായിരുന്നു? **[3]**

**(iv)** "രാജാ ദശരഥനും പുൽക്കൊടിയും തമ്മിലെന്തു ഭേദം" - വിശദീകരിക്കുക. **[3]**

## Question 10

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

അതെ ഇതു മന്ഥര......

നിന്റെ ജ്ഞാതിദാസി.

നിനക്കു പ്രിയം ചൊല്ലാൻ വന്നവൾ.

നിന്റെ കമിതാവുണ്ടല്ലോ....നിന്റെ കളിക്കിടാവ്.

ആ വൃദ്ധൻ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പുത്രനെയും വഞ്ചിച്ചു...

ചോദ്യങ്ങൾ

**(i)** "നാളെ പുലർച്ചയ്ക്ക് അവൻ രാജപരമ്പരയിൽ നിന്ന് പുറന്തള്ളപ്പെടും" - ആര്? എങ്ങനെ? **[2]**

**(ii)** "ചോദിച്ചെങ്കിൽ ഞാൻ സമ്മതം നല്കുമായിരുന്നു"- എന്തിന്? **[2]**

**(iii)** "ആ കീർത്തി രാമനിരിക്കട്ടെ എന്നു പിതാവു കരുതി" - വിശദീകരിക്കുക. **[3]**

(iv) രാമന്റെ ധർമ്മനിഷ്ഠ തനിക്ക് കവചമായിരിക്കുമെന്ന് കൈകേയി പറഞ്ഞിരിക്കുന്നത് മന്ഥരയുടെ ഏത് അഭിപ്രായത്തിന് മറുപടിയായാണ്? [3]

(മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - നോവൽ)
( MAYYAZHIPUZHAYUDE THEERANGALIL - NOVEL)

## Question 11

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

'കുറമ്പിയമ്മയുടെ കണ്ണിൽനിന്ന് കണ്ണീർ ഇറ്റി വീണു.
ദാസന്റെയും കണ്ണുകൾ നിറഞ്ഞിരുന്നു.
മയ്യഴിയിലെ ഒരു മുത്തശ്ശിക്കും കണ്ണീർ പൊഴിക്കാതെ ദാർക്കിന്റെ കഥ പറയുവാൻ കഴിയില്ല.'

ചോദ്യങ്ങൾ

(i) ആ പെൺകുട്ടിയുടെ രൂപം വിവരിക്കുക. [2]

(ii) അവളുടെ തൊഴിൽ എന്തായിരുന്നു? [3]

(iii) അവൾക്ക് ലഭിച്ച അശരീരി എന്തായിരുന്നു? [2]

(iv) അവളുടെ അന്ത്യം വിവരിക്കുക . [3]

## Question 12

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

കരടി സായ്പ് മരിച്ചു.
ക്ലെമാംസായ്പിനെയും ലെസ്ലീ സായ്പിനെയും പോലെ മയ്യഴിയുടെ മക്കൾക്ക് മറക്കുവാൻ കഴിയാത്ത മറ്റൊരു സങ്കരവർഗ്ഗക്കാരനായിരുന്നു റോബർ സായ്പ് അഥവാ കരടി സായ്പ്.

ചോദ്യങ്ങൾ

(i) കരടി സായ്പിന്റെ രൂപം വേഷം പേര് എന്നിവയെപ്പറ്റി വിശദമാക്കുക. [2]

(ii) സായ്പിനെ രാവിലെ ഉണർത്തി സ്കൂളിൽ കൊണ്ടു പോകുന്നരംഗം വിവരിക്കുക. [3]

(iii) സായ്പിന്റെ പഠിത്തം അവസാനിച്ചതെങ്ങനെ? [2]

(iv) സായ്പിന്റെ അന്ത്യം വിവരിക്കുക. [3]

## Question 13

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

കുഞ്ഞനന്തൻ മാസ്റ്ററെ പോലെ തന്റെ ജീവിതത്തിന് അംഗഭംഗം വന്ന മറ്റൊരു മനുഷ്യനാണല്ലോ ഗൺ

തോൺ സായ്പ് പക്ഷെ അവർ രണ്ടു പേരും രണ്ടു വഴിക്കാണ് സഞ്ചരിക്കുന്നത്.

ചോദ്യങ്ങൾ

(i) അവരെ താരതമ്യം ചെയ്യുക. [2]

(ii) മാസ്റ്റർ ഒരാഴ്ച ആശുപത്രിയിൽ കിടക്കാൻ ഇടയായ സാഹചരം എന്തായിരുന്നു? [3]

(iii) രാമൂട്ടി വൈദ്യർ വിധിച്ച ചികിത്സയും അതിന്റെ ഫലവും വിവരിക്കുക. [2]

(iv) മാസ്റ്റർ ഒരു കമ്മ്യൂണിസ്റ്റാണെന്ന് പ്രഖ്യാപിക്കപ്പെട്ടതെങ്ങനെ? [3]

(സാഹിത്യസുരഭി - കവിതകൾ)

(SAHITYA SURABHI - POEMS)

## Question 14

Read the extract given below and answer in Malayalam the questions that follow.

[താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.]

മഞ്ഞത്തെച്ചി പൂങ്കുല പോലെ
മഞ്ജിമ വിടരും പുലർകാലേ
നിന്നും ലളിതേ നീയെൻ മുന്നിൽ
നിർവൃതിതൻ പൊൻകതിർ പോലെ
(മനസ്വിനി - ചങ്ങമ്പുഴ)

ചോദ്യങ്ങൾ

(i) കവിതയിലെ പ്രഭാതവർണ്ണന വിവരിക്കുക. [2]

(ii) നായികയുടെ മുഖം, തലമുടി എന്നിവ വർണ്ണിച്ചിരിക്കുന്നതെങ്ങനെ? [3]

(iii) കവി ഒരു മായാലോകത്തെത്തിയതെങ്ങനെ? [2]

(iv) കാലം നായികയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം? [3]

## Question 15

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

സായന്തന സഖി പോയല്ലോ, നാം
സാഗര തീരമണഞ്ഞല്ലോ
(പ്രിയതമേ പ്രഭാതമേ - അയ്യപ്പപ്പണിക്കർ)

ചോദ്യങ്ങൾ

(i) പ്രഭാതത്തിനോട് കവി ആവശ്യപ്പെടുന്ന തെന്തെല്ലാം? [2]

**(ii)** "കാലമിന്ന് കേടുവന്ന ടയർ മാറ്റി" ആശയം വ്യക്തമാക്കുക. **[3]**

**(iii)** സൂര്യൻ ഉദിക്കാതിരുന്നാൽ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം? **[2]**

**(iv)** പ്രഭാതം നിറങ്ങളിലൂടെ മായാലോകം സൃഷ്ടിക്കുന്നതെങ്ങനെ? **[3]**

## Question 16

Read the extract given below and answer in Malayalam the questions that follow.

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.)

മുങ്ങുമൊരേടത്ത് മറ്റൊരോത്തു പോയ്
പൊങ്ങുമലകൾ മുറിച്ചു നീന്തും
ഇങ്ങനെ സംസാരനാടകമാടിനാ
നങ്ങവൻ വരുന്ന രംഗത്തിങ്കൽ
(കർമ്മഭൂമിയുടെ പിഞ്ചുകാൽ - വള്ളത്തോൾ)

ചോദ്യങ്ങൾ

**(i)** കാളിന്ദിയിൽ പതിച്ച കണ്ണനെയും കാളിന്ദിക്കുണ്ടായ വികാരത്തെയും കവി എങ്ങനെ വർണിക്കുന്നു? **[3]**

**(ii)** ആറ്റിൽ പതിച്ച കണ്ണനെ കണ്ടപ്പോൾ കുഞ്ഞുങ്ങൾക്കുണ്ടായ അനുഭവം വിശദമാക്കുക. **[2]**

**(iii)** കൃഷ്ണ കാളീയ പോരാട്ടം വിവരിക്കുക. **[3]**

**(iv)** ആറ്റിൽ പതിച്ച കണ്ണനെ കണ്ടപ്പോൾ കുഞ്ഞുങ്ങൾക്കുണ്ടായ അനുഭവം വിശദമാക്കുക. **[2]**

******